# ദിവ്യത– സംഗമയുഗീ ബ്രാഹ്മണരുടെ അലങ്കാരം

ഇന്ന് ദിവ്യ ബുദ്ധി വിദാതാവ്, ദിവ്യ ദൃഷ്ടി ദാതാവ് തന്റെ ദിവ്യ ജന്മധാരി, ദിവ്യ ആത്മാക്കളെ കണ്ട് കൊണ്ടിരിക്കുകയായിരുന്നു. ബാപ്ദാദ ഓരോ കുട്ടിക്കും ദിവ്യ ജീവിതം അർത്ഥം ദിവ്യ സങ്കല്പം, ദിവ്യ മായ വാക്ക്, ദിവ്യമായ കർമ്മം ചെയ്യുന്ന ദിവ്യ മൂർത്തികളാക്കി മാറ്റി. ദിവ്യത നിങ്ങൾ സംഗമയുഗീ കുട്ടി കളുടെ ശ്രേഷ്ഠമായ അലങ്കാരമാണ്. ഒന്നുണ്ട് സാധാരണത, രണ്ട് ദിവ്യത. ദിവ്യതയുടെ ലക്ഷണമെ ന്തെന്ന് നിങ്ങൾക്കെല്ലാവർക്കും അറിയാം. ദിവ്യമായ ജീവിതമുള്ള ആത്മാവ് മറ്റൊരാത്മാവിനെയും തന്റെ ദിവ്യമായ നയനങ്ങളിലൂടെ അർത്ഥം ദൃഷ്ടിയിലൂടെ സാധാരണതയിൽ നിന്നുപരിയായ ദിവ്യമായ അനു ഭവങ്ങൾ ചെയ്യിക്കും. മുന്നിൽ വരുന്നതിലൂടെ തന്നെ സധാരണ ആത്മാവ് തന്റെ സാധാരണതയെ മറന്ന് പോകും കാരണം ഇന്നത്തെ സമയത്തിനനുസരിച്ച് വർത്തമാന സമയത്തെ സാധാരണ ജീവിതത്തിൽ ഭൂരിപക്ഷം ആത്മാക്കളും സന്തുഷ്ടരല്ല. പോകുന്തോറും ഈ ശബ്ദം കേൾക്കും– ഈ ജീവിതം ഒരു ജീവിതമല്ല, ജീവിതത്തിൽ എന്തെങ്കിലും നവീനത ഉണ്ടാകണം. അലൗകീകത, ദിവ്യത, ജീവിതത്തിന്റെ വിശേഷ ആധാരമാണ്– ഈ അനുഭവം ചെയ്യും. ഇത് വേണം, ഇത് വേണം... ഈ വേണം എന്നതിന്റെ ദാഹത്തിലൂടെ നാല് ഭാഗത്തും അന്വേഷിക്കും. ഏതു പോലെ ജലത്തിന്റെ ദാഹം വരുമ്പോൾ മനുഷ്യൻ നാല് ഭാഗത്തും ജലത്തിന്റെ തുള്ളിക്ക് വേണ്ടി അലയുന്നു, അതേപോലെ ദിവ്യതയ്ക്ക് വേണ്ടി ദാഹിച്ചി രിക്കുന്ന ആത്മാക്കൾ നാല് ഭാഗത്തും അനുഗ്രഹം നേടുന്നതിന് വേണ്ടി അലഞ്ഞ് വരുന്നതായി കാണപ്പെ ടും. അലഞ്ഞ് എവിടെയെത്തി ചേരും? നിങ്ങളുടെയടുത്ത്. അങ്ങനെ ദിവ്യതയുടെ ഖജനാക്കളാൽ സമ്പ ന്നമാണോ? സദാ ദിവ്യത അനുഭവപ്പെടുന്നുണ്ടോ അതോ ഇടയ്ക്ക് സാധാരണം, ഇടയ്ക്ക് ദിവ്യം? ബാബ ദിവ്യ ദൃഷ്ടി, ദിവ്യ ബുദ്ധിയുടെ വരദാനം നല്കി അതിനാൽ ദിവ്യ ബുദ്ധിയിൽ സാധാരണ കാര്യങ്ങൾക്ക് വരാനാകില്ല. ദിവ്യ ജന്മധാരി ബ്രാഹ്മണ ശരീരത്തിലൂടെ സാധാരണ കർമ്മം ചെയ്യാനാകില്ല. ഒരു പക്ഷെ കാണുമ്പോൾ മനുഷ്യർക്ക് സാധാരണ കർമ്മമായി തോന്നും. മറ്റുള്ളവരെ പോലെ നിങ്ങളും വ്യവഹാരം ചെയ്യുന്നുണ്ട്, വ്യാപാരം ചെയ്യുന്നു അഥവാ സർക്കാർ ജോലി ചെയ്യുന്നു, മാതാക്കൾ ഭക്ഷണം പാകം ചെയ്യുന്നു. കാണുമ്പോൾ സാധാരണ കർമ്മമാണ് എന്നാൽ ഈ സാധാരണ കർമ്മത്തിലും മറ്റുള്ളവരിൽ നിന്നും അലൗകീകവും വ്യത്യസ്ഥവുമായ ദിവ്യ കർമ്മമാണ് നിങ്ങളുടേത്. മഹാൻ വ്യത്യാസം ബാബ കേൾപ്പിച്ചത് അതിനാലാണ്, ദിവ്യ ജന്മധാരി ബ്രാഹ്മണർ ശരീരത്തിലൂടെ സാധാരണ കർമ്മം ചെയ്യുന്നില്ല, മനസ്സ് കൊണ്ട് സാധാരണ സങ്കലപം ചെയ്യാനും സാധിക്കില്ല, ധനത്തെ സാധാരണ രീതിയിലൂടെ കാര്യ ത്തിൽ ഉപയോഗിക്കാൻ സാധിക്കില്ല കാരണം ശരീരം, മനസ്സ്, ധനം– മൂന്നിന്റെയും ട്രസ്റ്റിയാണ്, അതി നാൽ അധികാരിയായ ബാബയുടെ ശ്രീമത്തിലൂടെയല്ലാതെ കാര്യത്തിൽ ഉപയോഗിക്കാൻ സാധിക്കില്ല. സദാ ദിവ്യ കർമ്മം ചെയ്യാനുള്ള ബാബയുടെ ശ്രീമത്ത് ലഭിക്കുന്നു. അതിനാൽ ചെക്ക് ചെയ്യൂ മുഴുവൻ ദിനത്തിൽ സാധാരണ വാക്ക്, കർമ്മം എത്ര സമയമുണ്ടായിരുന്നു, ദിവ്യവും അലൗകീകവും എത്ര സമ യമായിരുന്നു? ചില കുട്ടികൾ ചിലയിടങ്ങളിൽ വളരെ നിഷ്കളങ്കരായി മാറുന്നു. ചെക്ക് ചെയ്യുന്നുണ്ട് എന്നാൽ നിഷ്കളങ്കമായിട്ട്. മനസ്സിലാക്കുന്നു– മുഴുവൻ ദിനത്തിൽ വിശേഷിച്ചും ഒരു തെറ്റും ചെയ്തില്ല ല്ലോ, മോശം ചിന്തിച്ചില്ലല്ലോ, മോശമായത് പറഞ്ഞില്ലല്ലോ. എന്നാൽ ദിവ്യവും അലൗകീകവുമായി കർമ്മം ചെയ്തോ എന്ന് ചെക്ക് ചെയ്തോ? കാരണം സാധാരണ വാക്ക് അഥവാ കർമ്മം സമ്പാദിക്കപ്പെടുന്നില്ല, ഇല്ലാതാകുന്നുമില്ല, ഉണ്ടാക്കപ്പെടുന്നുമില്ല. വർത്തമാനത്തെ ദിവ്യമായ സങ്കല്പം അഥവാ ദിവ്യമായ വാക്കും കർമ്മവും ഭാവിയിലേക്കുള്ളത് സമ്പാദിക്കുന്നു. ശേഖരണത്തിന്റെ കണക്ക് വർദ്ധിക്കുന്നില്ല എങ്കിൽ സമ്പാ ദ്യത്തിന്റെ കണക്കിൽ നിഷ്കളങ്കരായി മാറുന്നു, ഞാൻ വേസ്റ്റ് ചെയ്തില്ലല്ലോ എന്നോർത്ത് സന്തോഷി ക്കുന്നു. പക്ഷെ കേവലം ഇതിൽ മാത്രം സന്തോഷിക്കരുത്. വേസ്റ്റ് ചെയ്തില്ല എന്നാൽ ബെസ്റ്റ് എത്ര ത്തോളം ചെയ്തു? പല പ്രാവശ്യം കുട്ടികൾ പറയുന്നുണ്ട്– ഞാൻ ഇന്ന് ആർക്കും ദുഃഖം നല്കിയില്ല എന്ന്. പക്ഷെ സുഖം നല്കിയോ? ദുഃഖം നല്കിയില്ല– ഇതിലൂടെ വർത്തമാനം ശ്രേഷ്ഠമായി എന്നാൽ സുഖം നല്കുന്നതിലൂടെ സമ്പാദിക്കപ്പെടുന്നു. അത് ചെയ്തോ അതോ വർത്തമാനത്തിൽ മാത്രം സന്തോ ഷിച്ചോ? സുഖദാതാവിന്റെ മക്കൾ സുഖത്തിന്റെ കണക്ക് ശേഖരിക്കുന്നു. ദുഃഖം നല്കിയില്ലല്ലോ എന്ന് മാത്രം ചെക്ക് ചെയ്യാതെ സുഖം എത്ര പേർക്ക് നല്കി എന്ന് കൂടി പരിശോധിക്കൂ. സമ്പർക്കത്തിൽ വരു ന്നവർക്ക് മാസ്റ്റർ സുഖദാതാവായി ഓരോ ചുവടിലും സുഖത്തിന്റെ അനുഭൂതി ചെയ്യിക്കണം. ഇതിനെ യാണ് ദിവ്യത അഥവാ അലൗകീകത എന്ന് പറയുന്നത്. അതിനാൽ ചെക്കിംഗും സാധാരണമായതിൽ നിന്നും ഗുഹ്യമായിട്ടുള്ളത് ചെയ്യൂ. സദാ ഈ സ്മൃതി വയ്ക്കൂ ഒരു ജന്മത്തിൽ 21 ജന്മങ്ങളുടെ സമ്പാദ്യം ഉണ്ടാക്കണം. അതിനാൽ സർവ്വ കണക്കുകളും ചെക്ക് ചെയ്യൂ– ശരീരം കൊണ്ട് എത്ര സമ്പാദിച്ചു? മന സ്സിന്റെ ദിവ്യ സങ്കല്പത്തിലൂടെ എത്രമാത്രം സമ്പാദിച്ചു? ധനത്തെ ശ്രീമത്തനുസരിച്ച് ശ്രേഷ്ഠമായ കാര്യ

ത്തിലർപ്പിച്ച് എത്രമാത്രം സമ്പാദിച്ചു? സമ്പാദ്യത്തിന്റെ നേർക്ക് വിശേഷ ശ്രദ്ധ നല്കൂ കാരണം നിങ്ങൾ വിശേഷ ആത്മാക്കളുടെ സമ്പാദ്യത്തിന്റെ സമയം ഈ ചെറിയ ജന്മത്തിലല്ലാതെ മുഴുവൻ കല്പത്തിലും മറ്റൊരു സമയത്തുമില്ല. ആത്മാക്കളുടെ കണക്ക് വേറെയാണ്. എന്നാൽ നിങ്ങൾ ശ്രേഷ്ഠ ആത്മാക്കൾക്ക്– ഇപ്പോഴില്ലായെങ്കിൽ പിന്നെ ഒരിക്കലുമില്ല. അതിനാൽ മനസ്സിലായോ എന്താണ് ചെയ്യേണ്ടതെന്ന്. ഇതിൽ നിഷ്കളങ്കരാകുത്. പഴയ സംസ്ക്കാരങ്ങളിൽ നിഷ്കളങ്കരാകരുത്. ബാപ്ദാദ റിസൾട്ട് കണ്ടു. എത്ര കാര്യ ങ്ങളുടെ റിസൾട്ടിൽ സമ്പാദ്യം വളരെ കുറവാണ്, അതിന്റെ വിസ്താരം പിന്നീട് കേൾപ്പിക്കാം.

സർവ്വരും സ്നേഹത്തിൽ സർവ്വതും മറന്ന് എത്തി ചേർന്നു. ബാപ്ദാദായും കുട്ടികളുടെ സ്നേഹം കണ്ട് ഒരു നിമിഷത്തെ സ്നേഹത്തിന്റെ മടങ്ങായി അനേക നിമിഷങ്ങളുടെ പ്രാപ്തി നല്കി കൊണ്ടിരിക്കുന്നു. നിങ്ങൾ സർവ്വർക്കും ഇത്രയും വലിയ സംഘടനയിൽ വരുന്നതിന് എന്തെല്ലാം ഉറപ്പിച്ചു? ആദ്യം പട്ടറാണി യാകേണ്ടി വരും(നിലത്ത് കിടക്കേണ്ടി വരും), 4 ദിവസമേ താമസിക്കാൻ സാധിക്കുകയുള്ളൂ. വരുക–പോ കുക തന്നെ വേണം, എന്നീ കാര്യങ്ങളെല്ലാം കേട്ടിട്ടും സ്നേഹം ഉള്ളതിനാൽ എത്തി ചേർന്നു. ഇത്രയും സമയം താമസിക്കാൻ ലഭിക്കുന്നത് നിങ്ങളുടെ ഭാഗ്യമാണെന്ന് മനസ്സിലാക്കൂ. ജഢ മൂർത്തിയുടെ ദർശന ത്തിനായി രാത്രിയിലും ക്യൂവിൽ നിന്ന് സമയം ചിലവഴിക്കുന്നു. മൂന്നടി ഭൂമി സർവ്വർക്കും ലഭിച്ചില്ലേ. ഇവിടെയും വിശ്രമത്തോടെയിരിക്കുന്നു. ഇനി അഭിവൃദ്ധിയുണ്ടാകുമ്പോൾ സ്വതവേ തന്നെ വിധിയും പരി വർത്തനപ്പെട്ടു കൊണ്ടിരിക്കും. എന്നാൽ സദാ ഈ അനുഭവം ചെയ്യൂ– എന്താണൊ ലഭിച്ചു കൊണ്ടിരി ക്കുന്നത്, അത് വളരെ നല്ലതാണ് കാരണം അഭിവൃദ്ധി ഉണ്ടാകുക തന്നെ വേണം, പരിവർത്തനവും ഉണ്ടാകണം. അതിനാൽ സർവ്വരും വിശ്രമത്തോടെ വസിക്കാനും കഴിക്കാനും സാധിക്കുന്നുണ്ടല്ലോ. കഴി ക്കുക, ഉറങ്ങുക – രണ്ട് കാര്യങ്ങളാണ് വേണ്ടത്. മാതാക്കൾക്ക് വളരെ സന്തോഷമുണ്ട് കാരണം ഉണ്ടാ ക്കപ്പെട്ട ഭക്ഷണം ഇവിടെ ലഭിക്കുന്നു. വീട്ടിലാണെങ്കിൽ ഉണ്ടാക്കണം, ഭോഗ് വയ്ക്കണം– പിന്നെ കഴിക്ക ണം. ഇവിടെ ഉണ്ടാക്കിയ, ഭോഗ് വച്ച ഭോജനമാണ് ലഭിക്കുന്നത്. അതിനാൽ മാതാക്കൾക്ക് നല്ല വിശ്രമം ലഭിക്കുന്നു. കുമാരൻമാർക്കും വിശ്രമം ലഭിക്കുന്നു കാരണം അവർക്കും ഭക്ഷണം ഉണ്ടാക്കുക എന്നത് വലിയൊരു കാര്യമാണ്. ഇവിടെയാണെങ്കിൽ വിശ്രമമായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഭോജനം കഴിച്ചില്ലേ. സദാ അങ്ങനെ ഈസിയായിട്ടിരിക്കൂ(സഹജം). ഈസിയായിട്ടിരിക്കുന്നതിന്റെ സംസ്ക്കാരം ഉള്ളവർക്ക് ഓരോ കാര്യവും സഹജമായി അനുഭവപ്പെടുന്നത് കാരണം ഈസിയായി തന്നെ ഇരിക്കുന്നു. സംസ്ക്കാരം ടൈറ്റാണെങ്കിൽ പരിതസ്ഥിതികളും ടൈറ്റായിരിക്കും, സംബന്ധ സമ്പർക്കത്തിലുള്ളവരും ടൈറ്റായി പെരു മാറുന്നു. ടൈറ്റ് അർത്ഥം ആകർഷണത്തിലിരിക്കുന്നവർ. അതിനാൽ സർവ്വരും ഡ്രാമയിലെ ഓരോ ദൃശ്യ ത്തെയും കണ്ട് കണ്ട് ഹർഷിതമാകുന്നവരല്ലേ. അതോ ഇടയ്ക്ക് നല്ലതിന്റെ മോശമായതിന്റെയും ആകർഷ ണത്തിൽ വരുന്നില്ലല്ലോ? നല്ലതിലുമില്ല, മോശമായതിലുമില്ല– ആരിലും ആകർഷിതമാകരുത്. സദാ ഹർഷി തരായിരിക്കണം. ശരി.

സദാ ഓരോ ചുവടിലും ദിവ്യത അനുഭവിക്കുന്ന, അനുഭവം ചെയ്യിക്കുന്ന ദിവ്യ മൂർത്തികൾക്ക്, സദാ തന്റെ സമ്പാദ്യത്തിന്റെ കണക്കിനെ വർദ്ധിപ്പിക്കുന്ന നോളേജ്ഫുളായ ആത്മാക്കൾക്ക്. സദാ ഓരോ പ്രശ്നത്തെയും സഹജ സ്ഥിതിയിലൂടെ ഈസിയായി മറി കടക്കുന്ന– അങ്ങനെയുള്ള വിവേകശാലി കുട്ടികൾക്ക്, അനേക ആത്മാക്കളുടെ ജീവിതത്തിന്റെ ദാഹത്തെ ശമിപ്പിക്കുന്ന മാസ്റ്റർ ജ്ഞാന സാഗര മായ ശ്രേഷ്ഠ ആത്മാക്കൾക്ക്, ജ്ഞാന സാഗരൻ ബാപ്ദാദയുടെ സ്നേഹ സ്മരണയും നമസ്തേ.

ബോംബെ ഗ്രൂപ്പ്– ബോംബെ നിവാസി കുട്ടികൾ സർവ്വ ഖജനാക്കളാൽ സമ്പന്നരല്ലേ. സദാ സ്വയത്തെ സമ്പന്ന ആത്മാവാണ്– എന്ന അനഭവം ചെയ്യുന്നില്ലേ? സമ്പന്നത സമ്പൂർണ്ണതയുടെ ലക്ഷണമാണ്. സമ്പൂർണ്ണതയുടെ ചെക്കിംഗ് തന്റെ സമ്പന്നതയിലൂടെ ചെയ്യാൻ സാധിക്കും കാരണം സമ്പൂർണ്ണത അർത്ഥം സർവ്വ ഖജനാക്കളാലും സമ്പന്നം. ചന്ദ്രൻ സമ്പന്നമാകുമ്പോൾ സമ്പന്നത അതിന്റെ സമ്പൂർണ്ണതയുടെ ലക്ഷണമാണ്. അതിനേക്കാൾ കൂടുതൽ മുന്നോട്ടില്ല, അത്രയുമാണ് സമ്പൂർണ്ണത. ലേശം പോലും കുറയു ന്നില്ല, സമ്പന്നമായിരിക്കും. നിങ്ങളെല്ലാവരും ജ്ഞാനം, യോഗ, ധാരണ, സേവനം– സർവ്വതിലും സമ്പ ന്നം, ഇതിനെ തന്നെയാണ് സമ്പൂർണ്ണതയെന്ന് പറയുന്നത്. സമ്പൂർണ്ണതയുടെ സമീപത്താണോ അതോ ദൂരെയാണോ എന്ന് ഇതിലൂടെ അറിയാൻ സാധിക്കും. സമ്പന്നമാണ് അർത്ഥം സമ്പൂർണ്ണതയുടെ സമീ പത്താണ്. അതിനാൽ സർവ്വരും സമീപത്താണോ? എത്ര സമീപത്താണ്? 8വരെ, 100വരെ അതോ 16000വരെ. 8ന്റെ സമീപത, പിന്നെ 100ന്റെ സമീപത, പിന്നെ 16000ന്റെ സമീപത. എത്രത്തോളം സമീപത്താണ്– ഇത് പരിശോധിക്കണം. നല്ലതാണ്. എന്നാലും ലോകത്തിലെ കോടിക്കണക്കിന് ആത്മാക്കളിലും നിന്നും നിങ്ങൾ വളരെ വളരെ ഭാഗ്യവൻമാരാണ്. അവർ അലയുന്നവരാണ്, നിങ്ങൾ സമ്പന്നരായ ആത്മാക്കളല്ലേ. പ്രാപ്തി സ്വരൂപരായ ആത്മാക്കളാണ്. ഈ സന്തോഷമില്ലേ. ദിവസവും സ്വയത്തോട് സംസാരിക്കൂ– എനിക്ക

ല്ലാതെ മറ്റാർക്ക് സന്തോഷത്തോടെയിരിക്കാൻ സാധിക്കും? അതിനാൽ ഇതേ വരദാനം സദാ സ്മൃതിയിൽ വയ്ക്കണം- സമീപത്താണ്, സമ്പന്നമാണ്. ഇപ്പോൾ സമീപത്ത് മിലനം ചെയ്യാനും സാധിച്ചു. സ്ഥൂലത്തിൽ സമീപത്തിരിക്കാൻ ഇഷ്ടമാണ്, അതേപോലെ സ്ഥിതിയിലും സദാ സമീപം അർത്ഥം സദാ സമ്പന്നമാകൂ ശരി.

ഗുജറാത്ത്-പൂണെ ഗ്രൂപ്പ്- സർവ്വരും ദൃഷ്ടിയിലൂടെ ശക്തികളുടെ പ്രാപ്തിയുടെ അനുഭൂതി ചെയ്യുന്നതിന്റെ അനുഭവിയല്ലേ. ഏതു പോലെ വാണിയിലൂടെ ശക്തിയുടെ അനുഭൂതി ചെയ്യുന്നു. മുരളി കേൾക്കുമ്പോൾ ശക്തി ലഭിച്ചുവെന്ന് മനസ്സിലാക്കുന്നില്ലേ. അതേപോലെ ദൃഷ്ടിയിലൂടെ ശക്തികളുടെ പ്രാപ്തിയുടെ അനുഭൂതിയുടെ അഭ്യാസിയായോ അതോ വാണിയിലൂടെ അനുഭവമുണ്ടാകുന്നു, ദൃഷ്ടിയിലൂടെ കുറവും? ദൃഷ്ടിയിലൂടെ ശക്തി കാച്ച് ചെയ്യാൻ സാധിക്കുമോ? കാരണം പിടിച്ചെടുക്കുവാനുള്ള അഭ്യാസമുണ്ടെങ്കിലേ മറ്റുള്ളവരെയും തന്റെ ദൃഷ്ടിയിലൂടെ അനുഭവം ചെയ്യിക്കാൻ സാധിക്കുകയുള്ളൂ. മുന്നോട്ടു പോകുന്തോറും വാണിയിലൂടെ സർവ്വർക്കും പരിചയം നല്കാനുള്ള സമയം ഉണ്ടാകില്ല, പരിതസ്ഥിതിയും ഉണ്ടാകില്ല, അപ്പോൾ എന്ത് ചെയ്യും? വരദാനി ദൃഷ്ടിയിലൂടെ, മഹാദാനി ദൃഷ്ടിയിലൂടെ, മഹാദാനം, വരദാനം നല്കും. ദൃഷ്ടിയിലൂടെ ശാന്തിയുടെ ശക്തി, സ്നേഹത്തിന്റെ ശക്തി- സുഖം അഥവാ ആനന്ദത്തിന്റെ ശക്തി സർവ്വതും പ്രാപ്തമാകുന്നു. ജഢ മൂർത്തികളുടെ മുന്നിൽ പോകുമ്പോൾ മൂർത്തി സംസാരിക്കുന്നില്ലല്ലോ. എന്നാലും ഭക്താത്മാക്കൾക്ക് എന്തെങ്കിലും പ്രാപ്തിയുണ്ടാകുന്നു അതു കൊണ്ടല്ലേ പോകുന്നത്. എങ്ങനെ പ്രാപ്തിയുണ്ടാകുന്നു? അവരുടെ ദിവ്യതയുടെ വൈബ്രേഷനിലൂടെ, ദിവ്യമായ നയനങ്ങളുടെ ദൃഷ്ടി കാണുമ്പോൾ വൈബ്രേഷൻ സ്വീകരിക്കുന്നു. ഏതൊരു ദേവതാ അഥവാ ദേവിയുടെ മൂർത്തിയെ കാണുമ്പോൾ വിശേഷിച്ച് കണ്ണുകളിലാണ് ശ്രദ്ധ പോകുന്നത്. മുഖത്തിലേക്ക് ശ്രദ്ധ പോകുന്നു കാരണം മസ്തകത്തിലൂടെ വൈബ്രേഷൻ ലഭിക്കുന്നു, നയനങ്ങളിലൂടെ ദിവ്യതയുടെ അനുഭവമുണ്ടാകുന്നു. അത് ജഢ മൂർത്തികളാണ്. എന്നാൽ ആരുടേതാണ്? നിങ്ങൾ ചൈതന്യ മൂർത്തികളുടെ ജഢ മൂർത്തികളാണ്. എന്റെ തന്നെ മൂർത്തികളാണെന്നുള്ള ലഹരിയുണ്ടോ? ചൈതന്യത്തിൽ ഈ സേവനം ചെയ്തിട്ടുണ്ട് അതിനാൽ ജഢ മൂർത്തികളുണ്ടായി. അതു കൊണ്ട് ദൃഷ്ടിയിലൂടെ ശക്തിയെടുക്കണം, ദൃഷ്ടിയിലൂടെ ശക്തി നല്കണം, ഈ അഭ്യാസം ചെയ്യൂ. ശാന്തിയുടെ ശക്തിയുടെ അനുഭവം വളരെ ശ്രേഷ്ഠമാണ്. വർത്തമാന സമയത്ത് സയൻസിന്റെ ശക്തിക്ക് വളരെ പ്രഭാവമുണ്ട്, ഓരോരുത്തരും അനുഭവിക്കുന്നുണ്ട് എന്നാൽ സയൻസിന്റെ ശക്തി എങ്ങനെയുണ്ടായി? സയലൻസിന്റെ ശക്തിയിലൂടെയല്ലേ. സയൻസിന്റെ ശക്തി അല്പക്കാലത്തേക്ക് പ്രാപ്തി ചെയ്യിച്ചു കൊണ്ടിരിക്കുന്നു, അപ്പോൾ സയലൻസിന്റെ ശക്തി എത്ര പ്രാപ്തി ചെയ്യിക്കും. അതിനാൽ ബാബയുടെ ദിവ്യ ദൃഷ്ടിയിലൂടെ സ്വയത്തിൽ ശക്തി ശേഖരിക്കൂ. എന്നാലേ സമയത്ത് ശേഖരിച്ച് വച്ചത് നല്കാനാകൂ. സ്വയത്തിന് വേണ്ടി സമ്പാദിച്ചു, കാര്യത്തിലുപയോഗിച്ചു അർത്ഥം സമ്പാദിച്ചു, കഴിച്ചു. സമ്പാദിച്ച്, കഴിച്ച് തീർക്കുന്നവർക്ക് ഒന്നും ശേഖരിക്കപ്പെടുന്നില്ല ശേഖരണം ഇല്ലാത്തവർ സമയത്ത് ചതിവിൽപ്പെടുന്നു. ചതിക്കപ്പെടുമ്പോൾ ദുഃഖത്തിന്റെ പ്രാപ്തിയുണ്ടാകുന്നു. ഇതേപോലെ സയലൻസിന്റെ ശക്തി ശേഖരിക്കപ്പെടുന്നില്ലായെങ്കിൽ, ദൃഷ്ടിയുടെ മഹത്വത്തിന്റെ അനുഭവം ചെയ്യുന്നില്ലായെങ്കിൽ ലാസ്റ്റ് സമയത്ത് ശ്രേഷ്ഠ പദവി പ്രാപ്തമാക്കുന്നതിൽ വഞ്ചിക്കപ്പെടും. പിന്നെ ദുഃഖമുണ്ടാകും, പശ്ചാത്താപമുണ്ടാകും അതിനാൽ ഇപ്പോൾ മുതലേ ബാബയുടെ ദൃഷ്ടിയിലൂടെ പ്രാപ്തമായിട്ടുള്ള ശക്തികളെ അനുഭവം ചെയ്ത് ശേഖരിച്ച് കൊണ്ടിരിക്കൂ. അതിനാൽ ശേഖരിക്കാൻ അറിയാമോ? ശേഖരിക്കപ്പെടുന്നുവെന്നതിന്റെ ലക്ഷണമെന്തായിരിക്കും? ലഹരിയുണ്ടായിരിക്കും സമ്പന്നരായ ആളുകൾ നടക്കുന്നതിലും, ഇരിക്കുന്നതിലും, എഴുന്നേൽക്കുന്നതിലും ലഹരി കാണപ്പെടുന്നു. എത്രത്തോളം ലഹരി അത്രത്തോളം സന്തോഷമുണ്ടാകുന്നു. ഇതാണ് ആത്മീയ ലഹരി. ഈ ലഹരിയിലിരിക്കുന്നതിലൂടെ സ്വതവേ സന്തോഷമുണ്ടാകുന്നു. സന്തോഷം തന്നെയാണ് ജന്മസിദ്ധ അധികാരം. സദാ സന്തോഷത്തിന്റെ തിളക്കത്തിലൂടെ മറ്റുള്ളവർക്കും ആത്മീയ തിളക്കം കാണിക്കുന്നവരാകൂ. ഈ വരദാനത്തെ സദാ സ്മൃതിയിൽ വയ്ക്കണം. എന്ത് സംഭവിച്ചാലും- സന്തോഷത്തിന്റെ വരദാനത്തെ നഷ്ടപ്പെടുത്തരുത്. പ്രശ്നം വരും, പോകും എന്നാൽ സന്തോഷം നഷ്ടപ്പെടരുത് കാരണം സന്തോഷം നമ്മുടേതാണ്, പ്രശ്നം പരിതസ്ഥിതിയാണ്, മറ്റുള്ളവരുടെ ഭാഗത്ത് നിന്നും വന്നതാണ്. തന്റെ വസ്തു സദാ കൂടെ വയ്ക്കാറില്ലേ. അന്യരുടെ വസ്തു വരും, പോകും. പരിതസ്ഥിതി മായയുടേതാണ്, തന്റെയല്ല. സ്വന്തം വസ്തു നഷ്ടപ്പെടുത്തരുത്. അതിനാൽ സന്തോഷത്തെ നഷ്ടപ്പെടുത്തരുത്. ഈ ശരീരം പോലും പോയാലും സന്തോഷം പോകരുത്. സന്തോഷത്തോടെ ശരീരം പോയാലും നല്ല ശരീരം ലഭിക്കും. പഴയത് പോകും പുതിയത് ലഭിക്കും, അതിനാൽ ഗുജറാത്തിലും മഹാരാഷ്ട്രയിലുമുള്ളവർ സദാ ഈ മഹാനതയിലിരിക്കണം. സന്തോഷത്തിൽ മഹാനാകണം. ശരി.

ആന്ദ്രാപ്രദേശ്- കർണ്ണാടക ഗ്രൂപ്പ്- ഈ ഡ്രാമയിൽ വിശേഷ പാർട്ടഭിനയിക്കുന്ന വിശേഷ ആത്മാക്ക

ളാണ് എന്ന അനുഭവം ചെയ്യുന്നുണ്ടോ? സ്വയത്തെ വിശേഷ ആത്മാവാണെന്ന് മനസ്സിലാക്കുമ്പോൾ അങ്ങനെയാക്കി മാറ്റിയ ബാബയുടെ ഓർമ്മ സ്വതവേ വരുന്നു. ഓർമ്മ സഹജമായി അനുഭവപ്പെടുന്നു കാരണം സംബന്ധം ഓർമ്മയുടെ ആധാരമാണ്. സംബന്ധമുള്ളയിടത്ത് ഓർമ്മ സ്വതവേയും സഹജവുമായി മാറുന്നു. സർവ്വ സംബന്ധം ഒരേയൊരു ബാബയുമായി ആകുമ്പോൾ പിന്നെ ബാക്കി മറ്റൊന്നുമില്ല. ഒരേയൊരു ബാബ സർവ്വ സംബന്ധിയാണ്– ഈ സ്മൃതിയിലൂടെ സഹജയോഗിയായി മാറി. ഒരിക്കലും പ്രയാസമായി തോന്നുന്നില്ലല്ലോ? മായയുടെ യുദ്ധമുണ്ടാകുമ്പോൾ പ്രയാസം തോന്നാറുണ്ടോ? മായയെ സദാ കാലത്തേക്ക് വിടചൊല്ലുന്നവരാകൂ. മായയോട് വിട പറയുകയാണെങ്കിലേ ബാബയുടെ ആശംസകൾ വളരെ മുന്നോട്ടുയർത്തുകയുള്ളൂ. ഭക്തി മാർഗ്ഗത്തിൽ എത്രയോ പ്രാവശ്യം ആശീർവാദം നല്കൂ എന്ന് യാചിക്കുന്നുണ്ട്. എന്നാൽ ഇപ്പോൾ ബാബ ആശീർവാദം നേടുന്നതിനുള്ള സഹജമായ സാധനം കേൾപ്പിച്ചു– എത്രത്തോളം മായയോട് വിട പറയുന്നുവൊ അത്രയും ആശീർവാദം സ്വതവേ ലഭിക്കും. പരമാത്മ ആശീർവാദം ഒരു ജന്മം മാത്രമല്ല എന്നാൽ അനേക ജന്മം ശ്രേഷ്ഠമാക്കി മാറ്റുന്നു. സദാ ഇത് സ്മൃതിയിൽ ഉണ്ടാകണം– ഞാൻ ഓരോ ചുവടിലും ബാബയുടെ, ബ്രാഹ്മണ പരിവാരത്തിന്റെ ആശീർവാദം നേടി സഹജമായി പറന്നു കൊണ്ടിരിക്കും. ഡ്രാമയിൽ വിശേഷ ആത്മാക്കളാണ്, വിശേഷപ്പെട്ട കർമ്മം ചെയ്ത് അനേക ജന്മം വിശേഷ പാർട്ടഭിനയിക്കുന്നവരാണ്. സാധാരണ കർമ്മമല്ല, വിശേഷ കർമ്മം, വിശേഷ സങ്കല്പം, വിശേഷ വാക്കുകളായിരിക്കണം. അതിനാൽ ആന്ധ്രായിലുള്ളവർ വിശേഷിച്ചും ഈ സേവനം ചെയ്യൂ– തന്റെ ശ്രേഷ്ഠ കർമ്മത്തിലൂടെ, തന്റെ ശ്രേഷ്ഠ പരിവർത്തനത്തിലൂടെ അനേക ആത്മാക്കളെ പരിവർത്തനം ചെയ്യൂ. സ്വയത്തെ കണ്ണാടിയാണെന്ന് മനസ്സിലാക്കൂ, നിങ്ങളുടെ കണ്ണാടിയിൽ ബാബ കാണപ്പെടണം. അങ്ങനെയുള്ള വിശേഷ സേവനം ചെയ്യൂ. ഇത് തന്നെ ഓർമ്മിക്കണം – ഞാൻ ദിവ്യമായ കണ്ണാടിയാണ്, കണ്ണാടിയാകുന്ന എന്നിലൂടെ ബാബ തന്നെ കാണപ്പെടണം. ശരി.

## വരദാനം– സദാ ഏകരസ സ്ഥിതിയുടെ സിംഹസനത്തിൽ സ്ഥിതി ചെയ്യുന്ന ബാപ്ദാദയുടെ ഹൃദയ സിംഹാസനധാരിയായി ഭവിക്കട്ടെ.

ഏറ്റവും ശ്രേഷ്ഠമായ സിംഹാസനം ബാപ്ദാദായുടെ ഹൃദയ സിംഹാസനമാണ്. എന്നാൽ ഈ സിംഹാസനത്തിലിരിക്കുന്നതിന് അചഞ്ചലവും, സുദൃഢവും, ഏകരസ സ്ഥിതിയുടെ സിംഹാസനവും ആവശ്യമാണ്. ഈ സ്ഥിതിയുടെ സിംഹാസനത്തിൽ സ്ഥിതി ചെയ്യാൻ സാധിക്കുന്നില്ലായെങ്കിൽ ബാപ്ദാദായുടെ ഹൃദയമാകുന്ന സിംഹാസനത്തിൽ സ്ഥിതി ചെയ്യാനും സാധിക്കില്ല. ഇതിന് വേണ്ടി തന്റെ ഭൃഗുഡി സിംഹാസനത്തിൽ അകാലമൂർത്തായി സ്ഥിതി ചെയ്യൂ. ഈ സിംഹാസനത്തിൽ നിന്നു അടിക്കടി താഴെയിറങ്ങാതിരിക്കൂ എങ്കിൽ ബാപ്ദാദയുടെ ഹൃദയ സിംഹാസനത്തിൽ സ്ഥിതി ചെയ്യുവാൻ സാധിക്കും.

## സ്ലോഗൻ– ശുഭചിന്തനത്തിലൂടെ നെഗറ്റീവിനെ പോസിറ്റീവിലേക്ക് പരിവർത്തനപ്പെടുത്തൂ.